## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 485 05.07.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണം സ്വകാര്യ ഏജൻസിയെ ഏല്പിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ :<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസിയെ ഏല്പിക്കാൻ വി.കെ.ഷുംഗ്ലു കമ്മിറ്റി ശുപാർശയിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ; | (എ) കേരളത്തിലെ വൈദ്യുതി വിതരണ രംഗം സംസ്ഥാന വൈദ്യുതി ബോർഡ് കാര്യക്ഷമമായി കൈകാര്യം ചെയ്യുകയും, ബില്ലിംഗ്, കളക്ഷൻ തുടങ്ങിയവ ഫലപ്രദമായി നിർവ്വഹിക്കുകയും ചെയ്തു വരികയാണ്. ഫ്രാഞ്ചൈസി സംവിധാനം പോലെയുള്ള മറ്റു സംവിധാനങ്ങൾ, സുസംഘടിതവും ഉത്തരവാദിത്ത പൂർണ്ണവുമായ വൈദ്യുതി വിതരണം, ഉപഭോക്തൃ സേവനം എന്നിവ ഉറപ്പ് വരുത്തുന്നതിന് അനുയോജ്യമായിരിക്കില്ല എന്നതാണ് സർക്കാരിന്റെ പൊതുവായ നിലപാട്.<br>പ്ലാനിംഗ് കമ്മീഷനും കേന്ദ്ര ഗവൺമെന്റും ടി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുകയോ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയോ ചെയ്തിട്ടില്ല. ഔദ്യോഗികമായി റിപ്പോർട്ട് ലഭിക്കുമ്പോൾ ഇതു സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്താവുന്നതാണ്. |
| (ബി) വൈദ്യുതി ബോർഡ് കമ്പനിവല്ക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ നഷ്ടം സംഭവിച്ചതായി വരുന്ന വാർത്തകളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല. ഇന്ത്യയിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെയും വൈദ്യുതി ബോർഡുകളുടെയും സാമ്പത്തിക സ്ഥിതിയെക്കു |

റിച്ച് പഠിക്കാൻ കേന്ദ്ര ആസൂത്രണ കമ്മീഷൻ നിയോഗിച്ച വി. കെ. ഷുംഗ്ലു കമ്മിറ്റിയുടെ കണ്ടെത്തലുകൾ സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വൈദ്യുതി ബോർഡ് കമ്പനിവല്ക്കരിച്ച സംസ്ഥാനങ്ങളിൽ പലയിടത്തും വൈദ്യുതി വിതരണം സ്വകാര്യ ഏജൻസിയെ ഏല്പിച്ചതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(സി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരിച്ച ഒഡീഷ, ദില്ലി തുടങ്ങിയ സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

(ഡി) വൈദ്യുതി ഉൽപ്പാദനവും പ്രസരണവും വിതരണവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയിൽ നിലനിർത്തുക എന്നതാണ് സർക്കാർ നിലപാട്.

**സെക്ഷൻ ഓഫീസർ.**